LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

50 (1845) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര മാവേലിസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതേ കാലയളവിൽ മാവേലി സ്റ്റോറുകളിൽ ഹെൽപ്പർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിൽപ്പന മോശമായതിനെത്തുടർന്ന് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകൾ നിറുത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ അപ്രകാരം നിറുത്തലാക്കിയ മാവേലി സ്റ്റോറുകൾ എത്ര എണ്ണം എന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലാ അവശ്യസാധനങ്ങളും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വഴി വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ മുഖേന പാമോയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ വിതരണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 59

(ബി) ഈ കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ 718 പേരെ ഹെൽപ്പർമാരായി നിയമിച്ചിട്ടുണ്ട്.

(സി) ഇക്കാരണത്താൽ ഒരു മാവേലി സ്റ്റോറും നിറുത്തലാക്കിയിട്ടില്ല.

(ഡി) ഈ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ പാമോയിൽ വിതരണം നടത്തുന്നില്ല.

ബേഡഡുക്ക പഞ്ചായത്തിൽ മാവേലി സ്റ്റോർ

51 (1846) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ :

(എ) കാസർഗോഡ് ജില്ലയിൽ മാവേലി സ്റ്റോർ നിലവിൽ ഇല്ലാത്ത ബേഡഡുക്ക പഞ്ചായത്തിൽ സ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ഹർജിയിൻമേൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തിൽ എന്നത്തേക്ക് മാവേലിസ്റ്റോർ തുടങ്ങാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ബേഡഡുക്ക പഞ്ചായത്തിൽ കുണ്ടത്തുകുഴി എന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി സൗകര്യപ്രദമായ കെട്ടിടത്തിനുവേണ്ടി പഞ്ചായത്ത് അധികൃതർവഴി അന്വേഷിച്ചു വരികയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിബന്ധനകൾ അനുസരിച്ച് കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുടങ്ങാവുന്നതാണ്.

പള്ളിക്കുറുപ്പിൽ മാവേലി സ്റ്റോർ

52 (1847) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാവേലി സ്റ്റോർ പള്ളിക്കുറുപ്പ് എന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചുവോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പള്ളിക്കുറുപ്പിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് കെട്ടിടം വരെ ആയ സ്ഥിതിക്ക് മാവേലി സ്റ്റോർ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം പള്ളിക്കുറുപ്പ് എന്ന സ്ഥലത്ത് പഞ്ചായത്ത് അധികൃതർ മാവേലിസ്റ്റോർ തുടങ്ങുന്നതിനായി തെരഞ്ഞെടുക്കുകയും വാടക പഞ്ചായത്ത് തന്നെ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട ഉടമയുടെ സമ്മതപത്രം ലഭിച്ചാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ നടപടി

53 (1848) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ എത്ര മാവേലി സ്റ്റോറുകൾ ഉണ്ട് ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) മണ്ഡലത്തിലെ മാവേലി സ്റ്റോറുകളില്ലാത്ത മലയോര പഞ്ചായത്തുകളായ പുതുക്കോട് ; മേലാർകോട് എന്നിവിടങ്ങളിൽ ഓരോ ലാഭം സ്റ്റോറുകളോ മാവേലി സ്റ്റോറുകളോ തുടങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 എണ്ണം. ഇവ എല്ലാംതന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) മേലാർക്കോട് പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതുക്കോട് പഞ്ചായത്തിൽ മാവേലി സ്റ്റോർ

LIBRARY ARCHIVES Kerala Legislative Assembly